സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടി ഉത്തരവ്

(സാന്നിദ്ധ്യം: വി.എസ്. ജയകുമാർ)

## സംഗ്രഹം

പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിലെ കാലതാമസം ഒഴിവാക്കൽ - ചുമതല തുക യഥാസമയം ക്ലിയർ ചെയ്യാതിരിക്കുകയും ചുമതല രജിസ്റ്റർ പരിപാലിക്കാതിരിക്കുകയും ആഡിറ്റ് റിപ്പോർട്ടുകൾക്ക് മറുപടി അയയ്ക്കാതിരിക്കുകയും ചെയ്യുന്നവരുടെ പേരിൽ നടപടി സ്വീകരിക്കുന്നതും വീഴ്ചക്കാരുടെ പൊതുസ്ഥലംമാറ്റ അപേക്ഷ നിരസിക്കുന്നതും സംബന്ധിച്ചുള്ള ബോർഡ് തീരുമാനം - കൂടുതൽ സമയം അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 87/12/Est-1** നന്തൻകോട്, **02/05/2016**

---

പരാമർശം :- ഈ ആഫീസിലെ 27-09-2012, 17-02-2016, 11-03-2016 എന്നീ തീയതികളിലെ മേൽ നമ്പർ ഉത്തരവുകൾ.

## ഉത്തരവ്

ചുമതല തുക യഥാസമയം ക്ലിയർ ചെയ്യാതിരിക്കുകയും ചുമതല രജിസ്റ്റർ പരിപാലിക്കാതിരിക്കുകയും ആഡിറ്റ് റിപ്പോർട്ടുകൾക്ക് മറുപടി അയയ്ക്കാതിരിക്കുകയും ചെയ്യുന്നവരുടെ പേരിൽ നടപടി സ്വീകരിക്കുന്നതും സംബന്ധിച്ചുള്ള നടപടി കേരള സ്റ്റേറ്റ് ഇലക്ഷൻ ആസന്നമായ സാഹചര്യത്തിൽ താൽക്കാലികമായി നിറുത്തി വയ്ക്കണമെന്ന് വിവരിച്ച് 29-4-2016 -ൽ ഒരു അപേക്ഷ അംഗീകൃത യൂണിയനിൽ നിന്നും ലഭിച്ചിട്ടുള്ളതാണ്.

ചുമതല യഥാസമയം clear ചെയ്യാത്ത അവസ്ഥമൂലം സർവ്വീസിൽ നിന്നും വിരമിക്കുന്നവരുടെ N L C നൽകാൻ കഴിയാതെ വരികയും നിശ്ചിത കാലയളവ് കഴിയുമ്പോൾ ജീവനക്കാർ കോടതിയെ സമീപിക്കുമ്പോൾ പലിശ സഹിതം ആനുകൂല്യങ്ങൾ നൽകുവാൻ കോടതി വിധിക്കുകയും, ആനുകൂല്യങ്ങൾ പലിശസഹിതം നൽകേണ്ടിവരികയും കൂടാതെ കോടതി ചെലവും, അഡ്വക്കേറ്റ് ഫീസും ഡിപ്പാർട്ടുമെന്റ് വഹിക്കേണ്ടിയും വരുന്നു. ഇതിനുപുറമെ ചുമതല തുക ഡിപ്പാർട്ടുമെന്റിന് ഈടാക്കുവാൻ കഴിയാത്ത അവസ്ഥയും ഉണ്ടാകുന്നു.

ഈ അടുത്ത സമയത്ത് തന്നെ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡറിൽ വിരമിച്ച ശ്രീ. എ.കെ. സുരേഷ്ജീവന് ഗ്രാറ്റുവിറ്റി തുകയ്ക്ക് പുറമെ യഥാസമയം ആയത് നൽകാതിരുന്നതിന് 1,69,727/- രൂപയും, ശ്രീ. ആർ. കൃഷ്ണൻനായർക്ക് ഗ്രാറ്റുവിറ്റി തുകയ്ക്കുപുറമെ 2,10,000/- രൂപയും പലിശയിനത്തിൽ നൽകുകയും കോടതി ചെലവ് ബോർഡിന് വന്നുചേരുകയും ചെയ്തിരുന്നു.

ഇത്തരം ഒരു സാഹചര്യം ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് വിവിധ വശങ്ങൾ ബോർഡ് പരിശോധിച്ച് വീഴ്ചക്കാരുടെ എണ്ണം വളരെയധികമാകയാൽ ഓരോരുത്തരുടേയും പേരിൽ ശിക്ഷണ നടപടി കൈക്കൊള്ളുക എന്നത് പ്രായോഗികമല്ലാ എന്ന് കണ്ട് ചുമതലകൾ clear ചെയ്യുന്നതിനും ആയത് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനും സമയപരിധി നിർദ്ദേശിച്ച് 27-09-2012 -ൽ ROC 87/12/Est-1 നമ്പരായി ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത നടപടി പൂർത്തിയാക്കിയ ശേഷമെ **10/2012** മുതലുള്ള ശമ്പളം claim ചെയ്യുവാൻ പാടുള്ളൂ എന്നും നിർദ്ദേശിച്ചിരുന്നുവെങ്കിലും വീണ്ടും **4** വർഷം കഴിഞ്ഞിട്ടും ആയതും പാലിക്കപ്പെട്ടില്ലാ എന്ന് കണ്ടാണ് 17-2-2016 -ൽ ROC 87/12/Est-1 നമ്പരായി വീണ്ടും സമയപരിധി നിർദ്ദേശിച്ച് ഉത്തരവ് നൽകുകയും തുടർന്ന് രണ്ടു മാസത്തെ സാവകാശം കൂടി അനുവദിച്ച് 11-03-2016 -ൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നത്.

(മറുപുറം)

ഇത്രയും കാലയളവ് അനുവദിച്ചിട്ടും ബോർഡുത്തരവ് പാലിക്കാതെ വീണ്ടും സമയപരിധി ദീർഘിപ്പിക്കുന്നതിന് ആവശ്യപ്പെടുന്നതിന് യാതൊരു ന്യായീകരണവും ഇല്ല.

എന്നിരുന്നാലും ചുമതല clear ചെയ്യുന്നതും റിക്കാർഡുകൾ പരിപാലിക്കുന്നതും സംബന്ധിച്ച് നിലവിലെ ഉത്തരവ് പ്രകാരം നടപടി പൂർത്തിയാക്കുന്നതിനുള്ള കാലാവധി last chance എന്നനിലയിൽ ഒരു മാസം കൂടി ദീർഘിപ്പിക്കുന്നു.

ഇപ്പോൾ പുതുക്കി അനുവദിച്ച കാലാവധിക്കകത്തും നടപടി പൂർത്തിയാക്കാത്ത ഉദ്യോഗസ്ഥരുടെ പേരിൽ മുൻ ഉത്തരവുകൾ പ്രകാരമുള്ള നടപടി നിലനിൽക്കുന്നതിനുപുറമെ 2016 വർഷം മുതലുള്ള പൊതുസ്ഥലംമാറ്റത്തിലേക്കുള്ള അപേക്ഷകൾ പരിഗണിക്കേണ്ടതില്ല എന്നും തീരുമാനിച്ച് ബോർഡുത്തരവായ വിവരം അറിയിക്കുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ആഫീസ് മേധാവികൾക്കും അയയ്ക്കുന്നു.
2. സെക്ഷൻ ഫയൽ
3. ഫയൽ ബുക്ക്.

SK